# ശ്ലീവാകാലം

## വചന വിചിന്തനം

### ശ്ലീവാകാലം ഒന്നാം ഞായർ

**മത്താ 4,12-5,16**

**"മാനസാന്തരപ്പെടുവിൻ;
സ്വർഗരാജ്യം സമീപിച്ചിരിക്കുന്നു."
ക്രിസ്ത്യാനികളുടെ ജീവിതത്തിന്റെ കടമയും ലക്ഷ്യവും
ഇത് തന്നെയാണ്!**

യോഹന്നാൻ ബന്ധനസ്ഥനാകുമ്പോൾ ക്രിസ്തു യോഹന്നാന് തുടർച്ചയാകുന്നു... പൂർത്തീകരണമാകുന്നു... ഇതാണ് ദൈവീകപദ്ധതി!

മർക്കോസ് ചെയ്യുന്നതുപോലെ, മത്തായിയും ഈശോയുടെ പരസ്യപ്രവർത്തനങ്ങളെ യോഹന്നാന്റെ പ്രവർത്തനങ്ങളുമായി ബന്ധപ്പെടുത്തുന്നു (4,12,17). മർക്കോസിൽനിന്നും വ്യത്യസ്തമായി മത്തായി രേഖപ്പെടുത്തുന്നതും, ഈശോ ആരംഭംമുതൽ കഫർണാമിൽ വന്നു താമസമാക്കുമെന്നാണ് (4,13). ഈശോ അവിടെ താമസമാകാകുന്നതിൽ, മത്തായി ദർശിക്കുന്ന് ഗലിലേയായുടെ ദൈവസന്ദർശനത്തെക്കുറിച്ചുള്ള ഒരു പ്രവചനത്തിന്റെ നിറവേറലാണ്. ബി.സി 8-ാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ അസ്സീറിയാക്കാർ ഗലിലേയാക്കാരെ നാടുകടത്തുകയും അവർക്കു പകരം അസ്സീറിയാക്കാരെ കുടിപാർപ്പിക്കുകയും ചെയ്തു (2രാജാ 17). എന്നാൽ ഈശോ കഫർണാമിൽ വരുന്നതോടെ, ഏശയ്യായുടെ പ്രവചനം നിറവേറുന്നു (ഏശ. 8,23-9,1; മത്താ 4,14-16). ഈശോ അവിടെ വരുന്നതോടെ, ഗലീലേയക്കാരുടെ ഭാവി ശോഭയമാനമായിത്തീരുന്നു. ജനം പ്രത്യാശയോടെ അവിടുത്തെ സമീപിക്കുന്നു. പ്രബോധകൻ, അദ്ഭുതപ്രവർത്തകർ എന്നീ നിലകളിൽ ഈശോയുടെ കീർത്തി സർവ്വത്ര വ്യാപിക്കുന്നു.

*12 യോഹന്നാൻ ബന്ധനസ്ഥനായെന്നുകേട്ടപ്പോൾ യേശു ഗലീലിയിലേക്കു പിൻവാങ്ങി.*

യോഹന്നാന്റെ പ്രവർത്തനങ്ങൾ അവസാനിക്കുന്നു; ഈശോയുടെ പ്രവർത്തനങ്ങൾ ആരംഭിക്കുന്നു. യോഹന്നാൻ എല്ലാ കാര്യത്തിലും ഈശോയുടെ മുന്നോടിയാണ്. യോഹന്നാനു സംഭവിക്കുന്നത് ഈശോയ്ക്കും (17,22; 20,18...) അതിനുശേഷം ശിഷ്യൻമാർക്കും (10,17-21; 24; 9...) സംഭവിക്കും.

ഈശോ നസറത്തു വിട്ടു ഗലിലേയായിലെ കഫർണാമിൽ താമസമാക്കാൻ കാരണമെന്തെന്നു മത്തായി വിവരിക്കുന്നില്ല. മത്തായിയുടെ വീക്ഷണത്തിൽ, ഈശോ നസറത്തിൽ പാർക്കുന്നത് ഒരു തിരുവചനം നിറവേറാൻ വേണ്ടിയാണ് (2.23). അവിടുത്തെ സ്വന്തപട്ടണം കഫർണാമാണ് (9.1= ഈശോ വഞ്ചിയിൽ നിന്നിറങ്ങി, സ്വന്തം പട്ടണത്തിലേക്കു പോയി). ഗലിലേയായാണ് അവിടുത്തെ പ്രവർത്തനരംഗം. അവിടുന്ന ഗലിലേയാൻ എന്നു വിളിക്കപ്പെടും (26.69). ജറുസലേമിലേക്കു പോകുമ്പോൾ മാത്രമാണ് ഈശോ ഗലിലേയാ വിട്ടുപോകുന്നത് (19.1).

*13 അവൻ നസറത്തുവിട്ടു സെബുലൂണിൻെറയും നഫ്ത്താലിയുടെയും അതിർത്തിയിൽ, സമുദ്രതീരത്തുള്ള കഫർണാമിൽചെന്നു പാർത്തു.*

നസറത്ത് സബുലോൺ ഗോത്രത്തിന്റെ അവകാശഭൂമിയിലും, കഫർണാം നഫ്ത്താലി ഗോത്രത്തിന്റെ അവകാശഭൂമിയിലും സ്ഥിതി ചെയുന്നു. കഫർണാം അർത്ഥമാക്കുന്നതു നാഹൂമിന്റെ ഗ്രാമം (കഫർ+നാഹും) എന്നാണ്. ആ ഗ്രാമത്തെക്കുറിച്ചു പഴയനിയമത്തിൽ പരാമർശമില്ല. ഇന്ന് അതിന്റെ അവശിഷ്ടങ്ങൾ ഗനേസറത്തു തടാകത്തിന്റെ വടക്കേ

തീരത്തു കാണാം. അത് ഇന്നത്തെ തെൽഹും ആണ്. യോർദ്ദാൻ നദി ഗനേസറത്തു തടാകത്തിൽ പതിക്കുന്നിടത്തുനിന്ന് 4 കിലോമീറ്റർ പടിഞ്ഞാറു മാറി ആ സ്ഥലം കാണപ്പെടുന്നു. അക്കാലത്ത് അത് ഒരു കുടിയേറ്റ പ്രദേശമായിരുന്നു. അവിടെ ഒരു ചുങ്കസ്ഥലമുണ്ടായിരുന്നു (9.9). റോമൻ പട്ടാളം അവിടെ പാളയമടിച്ചിരുന്നു (8.5). ഒരുപകടസാഹചര്യത്തിൽ ഔസേപ്പ് യൂദയായിൽനിന്നു ഗലിലേയായിലേക്കു പോയി നസറത്തിൽ താമസമാക്കുന്നതുപോലെ, ഒരുപകടസാഹചര്യത്തിൽ ഈശോയും ഗലിലേയായിലേക്കു പോയി കഫർണാമിൽ താമസിക്കുന്നു. ഈശോ കഫർണാം കേന്ദ്രമാക്കിയാണ് ഗലിലേയൻ പ്രവർത്തനങ്ങൾ നടത്തുന്നത്. കഫർണാം പിന്നീട് ഈശോയുടെ ശാപത്തിന് അർഹായിത്തീരും (11.23).

ദൈവപദ്ധതിയനുസരിച്ച്, ഈശോ വിജാതീയരുടെ ഗലിലേയായിലേക്കു വരുന്നെന്ന് തിരുലിഖിതവാക്യം സ്പഷ്ടമാക്കുന്നു. തിരുവചനം ഗലിലേയായുടെ പ്രാധാന്യം എടുത്തുകാട്ടുന്നു. ദൈവത്തിന്റെ കരുണ ഗലിലേയായിൽ വെളിപ്പെടാൻ പോകുന്നു (4,23–24). ഉത്ഥാനശേഷം ഈശോ ഗലിലേയായിലെ ഒരു മലയിൽവച്ചു ശിഷ്യർക്കു പ്രത്യക്ഷനാകുന്നു; അവരെ ജനങ്ങളുടെ പക്കലേക്ക് അയക്കുന്നു (28.7; 16–20).

*14–16 ഇത് ഏശയ്യാപ്രവാചകൻ വഴി അരുളിച്ചെയ്യപ്പെട്ടത് നിവൃത്തിയാകാൻ വേണ്ടിയാണ്: സമുദ്രത്തിലേക്കുള്ള വഴിയിൽ, ജോർദാൻെറ മറുകരയിൽ, സെബുലൂൺ, നഫ്‌ത്താലി പ്രദേശങ്ങൾ – വിജാതീയരുടെ ഗലീലി! അന്ധകാരത്തിൽ സ്ഥിതിചെയ്തിരുന്ന ജനങ്ങൾ വലിയ പ്രകാശം കണ്ടു. മരണത്തിൻെറ മേഖലയിലും നിഴലിലും വസിച്ചിരുന്നവർക്കായി ഒരു ദീപ്തി ഉദയം ചെയ്തു.*

"അന്ധകാരത്തിൽ സ്ഥിതിചെയ്തിരുന്ന ജനങ്ങൾ വലിയ പ്രകാശം കണ്ടു." ക്രിസ്തു ലോകത്തിന്റെ പ്രകാശമാകുന്നുവെന്ന് പറയുന്നത് എത്രയോ സത്യമാണ്!

എശ. 8.23 മുതലുള്ള വാക്യങ്ങൾ ഇവിടെ ഹ്രസ്വമായി ഉദ്ധരിച്ചിരിക്കുന്നു. ആ വാക്യങ്ങൾക്ക് ആദ്യപശ്ചാത്തലത്തിൽ ഉണ്ടായിരുന്ന അർത്ഥമല്ല പുതിയ പശ്ചാത്തലത്തിലത്തിലുള്ളത്. അസീറിയൻ രാജാവായ തിഗ്ലത്ത് പിലേസർ (2 രാജാ 15.19–29) ഉത്തായിസ്രായേലിനെ തോൽപ്പിക്കയും തദ്ദേശവാസികളെ അടിമകളായി കൊണ്ടുപോകയും അവിടെ അസ്സീറിയാക്കാരെ കുടിപ്പാർപ്പിക്കയും ചെയ്തു. അവശേഷിച്ച ഇസ്രായേൽക്കാരും കുടിയേറ്റക്കാരും തമ്മിലുള്ള മിശ്രവിവാഹത്തിൽനിന്നു ജനിച്ചവരെ വിജാതീയരായി യഹൂദർ കരുതിയിരുന്നു. വിജാതീയവിഭാഗം (=ഹലീൽ ഗോയിം) താമസിച്ചിരുന്ന സ്ഥലത്തിനു പിന്നിടു വിജാതീയരുടെ ഗലിലേയാ എന്ന പേരുണ്ടായി. രാജകൊട്ടാരത്തിൽ ജനിക്കുന്ന ഒരു ശിശുവഴി ആ പ്രദേശങ്ങൾക്കു മോചനമുണ്ടാകുമെന്ന് ഏശയ്യാ പ്രവചിച്ചിരുന്നു (ഏശ. 9.5= നമുക്ക് ഒരു ശിശു ജനിച്ചിരിക്കുന്നു; നമുക്ക് ഒരു പുത്രൻ നല്കപ്പട്ടിരിക്കുന്നു; ആധിപത്യം അവന്റെ ചമലിൽ ആയിരിക്കും; ശക്തനായ ദൈവം, നിത്യനായ പിതാവ്, സമാധാനത്തിനറെ രാജാവ് എന്ന് അവൻ വിളിക്കപ്പെടും). ആ പ്രദേശങ്ങൾക്ക് ഈശോവഴി മോചനമുണ്ടാകുമെന്നു മത്തായി കരുതുന്നു.

കടലിലേക്കുള്ള വഴി ദമാസ്ക്കസിൽനിന്നു മദ്ധ്യധരണിക്കടലിലേക്കുള്ള വഴിയാവാം, ഗനേസറത്തു തടകത്തീരത്തുകൂടെ കിഴക്കോട്ടുള്ള വാണിജ്യപതയാകാം. പഴയനിയമസങ്കൽപ്പമനുസരിച്ചു 'യോർദ്ദാനക്കാരെ' അർത്ഥമാക്കുന്നതു സബുലോൺ–നഫ്ത്താലി ഗോത്രങ്ങൾ വസിച്ചിരുന്ന യോർദ്ദാനുപടിഞ്ഞാറുള്ള പ്രദേശങ്ങളാണ്. മത്തായിയുടെ വീക്ഷമത്തിൽ, അത് യോർദ്ദാനു കിഴക്കുള്ള പ്രദേശങ്ങൾകൂടി ഉൾപ്പെടുന്നു (4.25). പുതിയ ദൈവജനത്തിലേക്കു വിജാതീയർ വരുന്നതായി മത്തായി ദർശിക്കുന്നു (8.11; 28.19). കാരണം, വിജാതീയരുടെ രക്ഷയെക്കുറിച്ചുള്ള പ്രവചനമാണു ഏശ. 9.2 (=അവസാന നാളുകളിൽ അവിടുന്നു ജനതകളുടെ ഗലിലേയായെ മഹത്ത്വപൂർണമാക്കും; അന്ധകാരത്തിൽ കഴിഞ്ഞ് ജനത പ്രകാശം കണ്ടു; കൂരിരുട്ടിൽ വസിക്കുന്നവരുടെമേൽ പ്രകാശം ഉദിച്ചു) മുതലുള്ള വാക്യങ്ങളിലുള്ളത്. പ്രകാശം രക്ഷയുടെ പ്രതീകമാണ്. മരണത്തിന്റെ നിഴൽ ശിക്ഷാസ്ഥിതിയെ സൂചിപ്പിക്കുന്നു. യാക്കോബിൽനിന്നുള്ള നക്ഷത്രം (ലൂക്കാ 1.78) അഥവാ, പ്രകാശമായ ഈശോ എല്ലാവരെയും പ്രകാശിപ്പിക്കുന്നു.

വിജാതീയരുടെ ഗലിലേയായിലേക്കു പോകുന്നതിൽനിന്ന് അവരുടെ രക്ഷമാത്രം ഈശോ ആഗ്രഹിക്കുന്നെന്ന് അർത്ഥമാക്കുന്നില്ല. ഈശോ ഇസ്രായേൽക്കാരുടെ മിശി

ഹായാണ്; അവരുടെ സിനഗോഗുകളിൽ പ്രസംഗിക്കുന്നു; ശിഷ്യർ ഇസ്രായേലിനു പുറത്തു പോകരുതെന്ന് അവിടുന്നു നിർദ്ദേശിക്കുന്നു (15.5...). എന്നാൽ, രക്ഷ വിജാതീയരുടെ പക്കലേക്കുകൂടിയുള്ളതാണെന്നു മത്തായി സ്പഷ്ടമാക്കുന്നു. ഈശോ അവസാനം ഗലിലേയായിൽവച്ച്, എല്ലാ വിജാതിയരെയും ശിഷ്യരാക്കാനുള്ള നിർദ്ദേശം നൽകുന്നു (28.16–20). "രാജ്യം ഇസ്രായേലിൽനിന്ന് എടുക്കപ്പെട്ട് അവർക്കു നൽകപ്പെടും" (21.43).

*17 അപ്പോൾ മുതൽ യേശു പ്രസംഗിക്കാൻ തുടങ്ങി:*
*മാനസാന്തരപ്പെടുവിൻ; സ്വർഗരാജ്യം സമീപിച്ചിരിക്കുന്നു.*

ഈശോയുടെ പ്രവർത്തനങ്ങളുടെ രത്നച്ചുരുക്കമാണ് ഈ വാക്യത്തിൽ കാണുന്നത്. അതുമുതൽ ഈശോ പ്രസംഗിക്കാൻ തുടങ്ങി; "സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കുന്നു." 16.21–ാം വാക്യത്തിൽ, "അതുമുതൽ അവിടുന്നു തന്റെ പീഡാസനത്തെപറ്റി പ്രസംഗിച്ചു തുടങ്ങി' എന്നു കാണുന്നു. സ്വർഗ്ഗരാജ്യവും ഈശോയുടെ പീഡാസഹനവും പരസ്പരം ബന്ധപ്പെട്ട വിഷയങ്ങൾതന്നെ.

'അതുമുതൽ' അർത്ഥമാക്കുന്നത് ഈശോ കഫർണാമിൽ താമസമാക്കുന്നതുമുതൽ എന്നാണ്. ഈശോയുടെ പ്രസംഗത്തിന്റെ ഉള്ളടക്കം സ്വർഗ്ഗരാജ്യമാണ്. അക്കരണത്താൽ, അത് സദ്വാർത്ത അഥവാ, സുവിശേഷമാണ്. "പശ്ചാത്തപിക്കുവിൻ, സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കുന്നു." പശ്ചാത്താപം കൂടാതെയുള്ള പ്രവർത്തനങ്ങളെല്ലാം വ്യർത്ഥമാണ്. യോഹന്നാന്റെയും ഈശോയുടെയും പ്രസംഗം ഒന്നുതന്നെ (3.2= യോഹന്നാൻ : പശ്ചാത്തപിക്കുവിൻ! സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കുന്നു; 4.17= ഈശോ; പശ്ചാത്തപിക്കുവിൻ; സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കുന്നു). യോഹന്നാനെ സംബന്ധിച്ചിടത്തോളം, മാനസാന്തവും മാമ്മോദീസായും വിധിയിൽ നിന്നു രക്ഷപ്പെടാനുള്ള മാർഗ്ഗങ്ങളാണ് (3.2–8). ഈശോയെസംബന്ധിച്ചിടത്തോളം, മാസാന്തരം സുവിശേഷത്തിലുള്ള വിശ്വാസമാണ്, "നിങ്ങൾ പശ്ചാത്തപിച്ചു സുവിശേഷത്തിൽ വിശ്വസിക്കുവിൻ" (മർക്കോ 1.15). മർക്കോസിന്റെ സുവിശേഷത്തിൽ കാണുന്ന 'സമയം സമാഗതമായി' എന്ന പ്രയോഗം (1.15) മത്തായി ഉപേക്ഷിക്കുന്നു. കാരണം, ഈശോയുടെ ജനനത്തോടെ, പ്രവാചകവചനങ്ങൾ നിറവേറിത്തുടങ്ങി. സമാഗതമായി ക്കഴിഞ്ഞ സമയത്തിലാണ് യോഹന്നാനും ഈശോയും നിൽക്കുന്നത്. 'സുവിശേഷത്തിൽ വിശ്വസിക്കുവിൻ' എന്ന ആഹ്വാനം മത്തായി ഉപേക്ഷിക്കാൻ കാരണം, സുവിശേഷം സ്വർഗ്ഗരാജ്യത്തെക്കുറിച്ചുള്ള പ്രഭാഷണമാണെന്ന് കാര്യമാണ്.

"മാനസാന്തരപ്പെടുവിൻ; സ്വർഗരാജ്യം സമീപിച്ചിരിക്കുന്നു..." ക്രിസ്തുവിന്റെ ജീവിതത്തിന്റെ ദൗത്യം! ഇതുതന്നെയാണ് ഓരോ ക്രിസ്ത്യാനിയുടെയും ലക്ഷ്യവും!

സ്വർഗ്ഗരാജ്യം (33 പ്രാവശ്യം) ദൈവരാജ്യം തന്നെ (12.28; 19.24; 21.31,43). ദൈവനാമം ഉച്ചരിക്കാൻ മടിച്ചിരുന്ന യഹൂദർ 'സ്വർഗ്ഗം' കൊണ്ട് ഉദ്ദേശിച്ചിരുന്നതു ദൈവത്തെയാണ്. 'സ്വർഗ്ഗം' എന്നത് ഭാവിയിൽ നാം പ്രവേശിക്കാൻ പോകുന്ന സ്വർഗ്ഗമല്ല, ദൈവം ഭൂമിയിൽ സ്ഥാപിക്കാൻ പോകുന്ന സാമ്രാജ്യമല്ല, മനുഷ്യനു രക്ഷയും മോചനവും സമാധാനും നൽകുന്ന ദൈവാധിപത്യമാണ്" (ഏറ 52.7= സദ്വാർത്ത അറിയിക്കയും സമാധാനം വിളംബരം ചെയ്കയും രക്ഷയുടെ സന്ദേശം പ്രഘോഷിക്കയും, സീയോനോട് 'നിന്റെ ദൈവം ഭരിക്കുന്നു' എന്നു പറയുകയും ചെയ്യുന്നവന്റെ പാദം എത്ര മനോഹരം!) ഈശോയുടെ സന്ദേശം ദൈവാധിപത്യത്തെക്കുറിച്ചുള്ള സന്ദേശമാണ്. മനുഷ്യൻ ആഗ്രഹിക്കുന്നതും ദൈവം നൽകുന്നതുമായ ദാനമാണ് ദൈവാധിപത്യം (13.1–52). ദൈവരാജ്യത്തിലേക്കു എല്ലാവരും വിളിക്കപ്പെടുന്നു (സുവിശേഷഭാഗ്യങ്ങൾ). ദൈവരാജ്യത്തെക്കുറിച്ചു കൂടുതൽ മനസ്സിലാക്കാൻ കഴിയുന്നതു സുവിശേഷം മുഴുവനിൽനിന്നുമാണ്.

---

കടപ്പാട്: **റവ.ഡോ.തോമസ് കയ്യാലപറമ്പിൽ**
***"സുവിശേഷ വ്യഖാനം: മത്തായി"***